/141454/2023

File No :
e-Office CRU ID:- cru.lrctvm@kerala.gov.in

Date:10-07-2023

# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

## (ഹാജർ :Arjun Pandian IAS )


ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com,ഫോൺ :0471-2322885


വിഷയം :- ചെയിൻ സർവ്വേ പരിശീലനം - പരിശീലന പരിപാടിയിൽ നിന്ന് ജീവനക്കാരെ ഒഴിവാക്കി നടപടിക്രമം പുനഃ ക്രമീകരിച്ച് ഉത്തരവാകുന്നു.

സൂചന :-

1. 04-07-2023 ലെ ഇതേ നമ്പർ നടപടിക്രമം.
2. 07-07-2023 ലെ ഇടുക്കി ജില്ലയിൽ നിന്നുള്ള പരിത്യജിക്കൽ അപേക്ഷ.
3. എറണാകുളം ജില്ലാ കളക്ടറുടെ 06-07-2023 ലെ E6-12362/2022 നമ്പർ കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 07-07-2023 ലെ E6-12362/2022 നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 07-07-2023 ലെ എ5-11659/2023 നമ്പർ കത്ത്.
6. കണ്ണൂർ ജില്ലാ കളക്ടറുടെ 07-07-2023 ലെ DCKNR/2140/2022-A5 നമ്പർ കത്ത്.
7. കാസർഗോഡ് ജില്ലാ കളക്ടറുടെ 07-07-2023 ലെ DCKSGD/3130/2022-A4നമ്പർ കത്ത്.
8. കണയന്നൂർ തഹസിൽദാരുടെ 07-07-2023 ലെ ഇ1-12413/2023 നമ്പർ കത്ത്.

സൂചന (1 ) പ്രകാരം ചെയിൻ സർവ്വേ പരിശീലനത്തിനായി തിരുവനന്തപുരം കേന്ദ്രത്തിൽ ക്രമ നം.21 ആയി നിയോഗിച്ച ശ്രീമതി. ഹിമ എസ് ദാസ് , ക്രമ നം.31 ആയി നിയോഗിച്ച ശ്രീ. വിഷ്ണു എസ് ദാസ് , ക്രമ നം. 27 ആയി നിയോഗിച്ച ശ്രീമതി. മുനീബ, ക്രമ നം. 42 ആയി നിയോഗിച്ച ശ്രീമതി. അമൃത കെ.വി എന്നിവർ ടി പരിശീലനം താൽകാലികമായി പരിത്യജിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായി സൂചന (2),(3),(7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂചന (1 ) പ്രകാരം തൃശ്ശൂർ കേന്ദ്രത്തിൽ ക്രമ നം. 24 ആയി നിയോഗിച്ച ശ്രീമതി. റിജിമ, ക്രമ നം. 26 ആയി നിയോഗിച്ച ശ്രീ. ശശികുമാർ .പി , ക്രമ നം.29 ആയി നിയോഗിച്ച ശ്രീ. രാജീവ് കെ.ടി , ക്രമ നം. 36 ആയി നിയോഗിച്ച ശ്രീ. പ്രകാശൻ പി.പി, ക്രമ നം.37 ആയി നിയോഗിച്ച ശ്രീമതി. ഷംന കെ. എന്നിവരും താൽകാലികമായി പരിശീലനം പരിത്യജിക്കുന്നതിനു അപേക്ഷ സമർപ്പിച്ചതായി സൂചന (5), (6 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് പരിശീലനം താൽകാലികമായി പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരിശീലനം പരിത്യജിച്ച വിവരം 14-11-2019 ലെ എൽ.ആർ.എൻ1/1002/2019 നമ്പർ പരിപത്രത്തിലെ നിർദേശങ്ങൾക്കനുസൃതമായി ടിയാളുകളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

സൂചന (1 ) പ്രകാരം തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമ നം. 1 ആയി നിയോഗിച്ച മണിക്കുട്ടൻ എ.ആർ നിലവിൽ സസ്പെൻഷനിലാണെന്നും ക്രമ നം. 2 ആയി ഉൾപ്പെടുത്തിയ

സലിഹ് മുഹമ്മദ് സർവിസിൽ നിന്നും വിരമിച്ചതാണെന്നും തിരുവനന്തപുരം കേന്ദ്രത്തിൽ ക്രമ നം. 22 ആയി നിയോഗിച്ച ശ്രീമതി. ശ്രീരഞ്ജിനി കെ.എസ് , ക്രമ നം. 16 ആയി നിയോഗിച്ച ശ്രീമതി. ശ്രീലത വി.എസ് , തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമനം.38 ആയി നിയോഗിച്ച ശ്രീമതി. ജിൻസി ജേക്കബ് എന്നിവർ ചെയിൻ സർവ്വേ പരിശീലനം നേടിയിട്ടുള്ളവതാണെന്നും സൂചന (2),(3),(7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ക്രമ നം.5 ആയി നിയോഗിച്ച ശ്രീ. സനു എം.എസ്, ക്രമ നം.6 ആയി നിയോഗിച്ച ശ്രീമതി. ഹരിത .എം എന്നിവർ രണ്ട് പരിശീലന കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടതിനാൽ തൃശ്ശൂർ കേന്ദ്രത്തിൽ നിന്ന് ഒഴവാക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ജീവനക്കാരെ 12/07/2023 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കിയും ടിയാളുകൾക്ക് പകരം ചുവടെ ചേർക്കുന്ന ക്ലാർക്ക് / വി.എ തസ്തികയിലെ പരിശീലനാർത്ഥികളെ അവരുടെ നേരെ സൂചിപ്പിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവേ പരിശീലനത്തിനായി നിയോഗിച്ചും ഉത്തരവാകുന്നു.

തിരുവനന്തപുരം പരിശീലന കേന്ദ്രം

| ക്രമ നം. | പേര് | പെൻ നം. | ജില്ല |
|---|---|---|---|
| 1 | ശരണ്യ ബാബു.ജി | 922960 | തിരുവനന്തപുരം |
| 2 | സുനിത കുമാരി .വി | 856498 | തിരുവനന്തപുരം |
| 3 | ചിപ്പി ആർ.ബി. | 880768 | ഇടുക്കി |

തൃശ്ശൂർ പരിശീലന കേന്ദ്രം

| ക്രമ നം. | പേര് | പെൻ നം. | ജില്ല |
|---|---|---|---|
| 1 | സൂര്യ വി.എസ് | 924126 | ഇടുക്കി |
| 2 | മർജാന പി.എം. | 909829 | ഇടുക്കി |
| 3 | അജിത് പി.എസ് | 936700 | ഇടുക്കി |
| 4 | അനസ് ഒ.ഇ | 334226 | ഇടുക്കി |
| 5 | ധന്യ പി.ഡി. | 924077 | എറണാകുളം |
| 6 | വിനോദൻ എം.എം | 107325 | കോഴിക്കോട് |
| 7 | രജിത സി.എം | 932253 | കോഴിക്കോട് |

തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ട ജീവനക്കാർ അസിസ്റ്റന്റ് ഡയറക്ടർ സർവേയും ഭൂരേഖയും വകുപ്പ് സെൻട്രൽ സർവേ ഓഫീസ്, തിരുവനന്തപുരം മുമ്പാകെയും, തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ടവർ അസിസ്റ്റന്റ് ഡയറക്ടർ സർവേ റേഞ്ച് ഓഫീസ് തൃശ്ശൂർ മുമ്പാകെയും 12-07-2023 ന് രാവിലെ 10 മണിക്ക് ഹാജരാകണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി/ജില്ലാ കളക്ടർ വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാർ ഇതിനു മുമ്പ് സർവ്വേ പരിശീലനം നേടിയിട്ടില്ലെന്ന

ഓഫീസ് മേലധികാരി / ജില്ലാ കളക്ടർ ഉറപ്പ വരുത്തേണ്ടതും പരിശീലനത്തിന് നിയോഗിക്കപ്പെട്ട വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും, ഇവർ പരിശീലനത്തിന് ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യലയത്തിൽ അറിയിക്കേണ്ടതാണ്.

Arjun Pandian IAS, JC (CLR), O/O Joint Commissioner CLR

പകർപ്പ് :

1. ഡയറക്ടർ, സർവ്വയും ഭൂരേഖയും വകുപ്പ് , തിരുവനന്തപുരം,
2 ഡയറക്ടർ, ഐ.എൽ.ഡി.എം. പി.ടി.പി. നഗർ, തിരുവനന്തപുരം,
3. അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വേ ഓഫീസ്, തിരുവനന്തപുരം
4. അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ റേഞ്ച് ഓഫീസ്, തൃശ്ശൂർ
5. ജില്ലാകലക്ടർ,തിരുവനന്തപുരം, ഇടുക്കി,എറണാകുളം,തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ,കാസർഗോഡ്.
6. നോഡൽ ഓഫിസർ, സ്റ്റേറ്റ് ഐ.ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ

Signed by Arjun Pandian
as
Date: 10-07-2023 18:14:52